"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ പുനലൂർ സെൻറ് ഗോറേറ്റി ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപക നിയമനത്തിന് സർക്കാർ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**2549/2026/GEDN** തീയതി,തിരുവനന്തപുരം, **07-04-2026**

---

പരാമർശം:-

1. സ.ഉ.(എം.എസ്) നം. **123/2014**/പൊവിവ തീയതി, **04.07.2014**
2. സ.ഉ.(എം.എസ്)നം.**35/2016**/പൊവിവ തീയതി, **03.02.2016**
3. സ.ഉ.(എം.എസ്) നം. **106/2017**/പൊവിവ തീയതി, **1.08.2017**
4. സ.ഉ.(സാധാ) നം. **3999/2017**/പൊ.വി.വ. തീയതി,**28.10.2017**
5. സ.ഉ.(സാധാ)നം.**4048/2025**/പൊ.വി.വ. തീയതി,**20.06.2025**
6. കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജരുടെ **20/11/2025** തീയതിയിലെ അപേക്ഷ.
7. പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി) ഡയറക്ടറുടെ **05.06.2026** ലെ **HSE/2350/2026-AcdC1** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുള്ള കൊല്ലം ജില്ലയിലെ പുനലൂർ സെൻറ് ഗോറേറ്റി ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപക നിയമന തസ്തികയിലേക്ക് ഗവൺമെൻറ് നോമിനിയായി ശ്രീ അബ്ദുൾ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി എന്ന ഉദ്യോഗസ്ഥനെ അനുവദിക്കണമെന്നാവശ്യപ്പെട്ട് കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പരാമർശം **(6)** അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ

സെക്കൻഡറി വിഭാഗം) തുടർ നടപടിക്കായി പരാമർശം (7) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജ്മന്റ് സ്കൂളിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവു വന്ന തീയതി | നിയമന രീതി |
|---|---|---|
| എച്ച് എസ് എസ് റ്റി ഹിസ്റ്ററി | 31.05.2024 | ബൈട്രാൻസ്ഫർ |
| എച്ച്എസ് എസ്റ്റി കണക്ക് | 31.05.2024 | ബൈട്രാൻസ്ഫർ |
| എച്ച് എസ് എസ് റ്റി ഇംഗ്ലീഷ് | 31.05.2024 | നേരിട്ട് |

2.എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയെ നിയോഗിക്കുന്നതിന് പരാമർശം (5) പ്രകാരം സർക്കാർ അംഗീകരിച്ച ഉദ്യോഗസ്ഥരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ അബ്ദുൾ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി (SL.45) ടി സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച സമ്മതപത്രം, ഈ അക്കാദമിക വർഷം അഞ്ച് സ്കൂകൂളിൽ കുടുതൽ സർക്കാർ പ്രതിനിധിയായി ഇന്റർവ്യൂകളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള സത്യവാങ്മൂലം, സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ്, സീനിയോറിറ്റി ലിസ്റ്റ് എന്നിവയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXII ചട്ടം(5)-ലെ കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിലെ പുനലൂർ സെൻറ് ഗോറേറ്റി ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപക നിയമനത്തിന് സർക്കാർ പ്രതിനിധിയായി ശ്രീ അബ്ദുൾ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി എന്ന ഉദ്യോഗസ്ഥനെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാമനിർദേശം ചെയ്ത് ഉത്തരവാകുന്നു.

(i) നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് അനുവദനീയമായ യാത്രാബത്ത/ദിനബത്ത ഇനത്തിലുള്ള ചെലവുകൾ മാനേജർ

വഹിക്കേണ്ടതാണ്.

(ii) സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള നിയമനം മാത്രമാണ് നടത്തുന്നതെന്നും കേരളവിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXII, നിലവിലുള്ള മറ്റു സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചാണ് നിയമനം നടത്തുന്നതെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും നിയമനം അംഗീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഉപഡയക്ടറും ഉറപ്പ് വരുത്തേണ്ടതാണ്.

(iii)നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ടി സെലക്ഷൻ സംബന്ധിച്ച വിശദമായ റിപ്പോർട്ട്, ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങളുടെ പകർപ്പ് സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(iv)ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതും ആയത് ഗവ. പ്രതിനിധി ഉറപ്പാക്കേണ്ടതുമാണ്.

(v) 22025-26 അധ്യയന വർഷം അവസാനിച്ച സാഹചര്യത്തിൽ ടി നിയമനങ്ങൾക്ക് 2026-27 അധ്യയന വർഷം മുതലേ അംഗീകാരം നൽകാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി), ഹൗസിങ് ബോർഡ് ബിൽഡിംഗ്,ശാന്തി നഗർ, തിരുവനന്തപുരം.

മേഖലാ ഉപമേധാവി, ഹയർ സെക്കൻഡറി വിദ്യാഭ്യാസം,തിരുവനന്തപുരം.

ശ്രീ അബ്ദുൾ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി,

IMG,തിരുവനന്തപുരം.

കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾ, പുനലൂർ

ഐ&പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 07-04-2026 15:54:21

സെക്ഷൻ ഓഫീസർ